"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാക്ഷരതാ പ്രേരക്മാരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസം - ഹോണറേറിയം കുടിശ്ശിക വിതരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും മുൻ ഉത്തരവുകളിൽ വ്യക്തത വരുത്തിയും ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1131/2024/LSGD തീയതി,തിരുവനന്തപുരം, 25-06-2024

പരാമർശം:- 1. സ.ഉ (കൈ) നം. 140/2023/GEDN തീയതി 22/09/2023

2. സ.ഉ (സാധാ) നം. 743/2024/LSGD തീയതി 12/04/2024

3. സ.ഉ (സാധാ) നം. 744/2024/LSGD തീയതി 15/04/2024

4. സ.ഉ (സാധാ) നം. 769/2024/LSGD തീയതി 24/04/2024

**ഉത്തരവ്**

പരാമർശം 1 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനേയും സാക്ഷരതാ പ്രേരക്മാരെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനർവിന്യസിക്കപ്പെട്ട പ്രേരക്മാരുടെ ഹോണറേറിയം മുടക്കം കൂടാതെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങളോട് ആവശ്യപ്പെടാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 06.11.2023-ൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

2) തുടർന്ന് സാക്ഷരതാ പ്രേരകമാരുടെ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്കുള്ള പുനർവിന്യാസം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രേരക്മാരെ നിശ്ചയിച്ചും ഹോണറേറിയം വിതരണത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും പരാമർശം 2,3 പ്രകാരം ഉത്തരവായിരുന്നു. ആയതിൽ ചുവടെ പറയുന്ന വിഷയങ്ങളിൽ വ്യക്തത വരുത്തി ഉത്തരവാകുന്നു.

i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കപ്പെട്ട സാക്ഷരതാ പ്രേരക്മാരുടെ നിയന്ത്രണം പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ കീഴിലായിരിക്കും. സാക്ഷരതാ പ്രേരക്മാർ വഴി നടപ്പിൽ വരുത്തേണ്ട സാക്ഷരതാ മിഷൻ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ/തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖാന്തിരം മാത്രമായിരിക്കണം നടപ്പിലാക്കേണ്ടത്.

ii) സാക്ഷരതാ പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനം, ലഹരി വിമുക്ത പ്രവർത്തനം എന്നിവയുടെ IEC Campaigns, ഡിജിറ്റൽ സാക്ഷരത പ്രവർത്തനങ്ങൾ, പഠനം മുടങ്ങിയ വിദ്യാർത്ഥികളുടെ തുടർപഠനം തുടങ്ങിയ ഫിൽഡ് തല പ്രവർത്തനങ്ങൾക്കായി വിന്യസിക്കേണ്ടതും, അവരെ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

3) പരാമർശം 2,3 ഉത്തരവുകൾ പ്രകാരം പ്രേരക്മാരുടെ ഹോണറേറിയം കുടിശ്ശികയുടെ 60% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നാണ്

നൽകേണ്ടിയിരുന്നതെങ്കിലും ടി ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സമയത്ത് മാതൃക പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ആയത് വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല. അടിയന്തരാശ്വാസം എന്ന നിലയിൽ 23.09.2023 മുതൽ 31.03.2024 വരെ പ്രേരക്മാർക്കു അർഹതപ്പെട്ട ഹോണറേറിയത്തിന്റെ 40 % മിഷന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശം 2,3 ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു.

4) പരാമർശം 4 പ്രകാരം സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 കോടി രൂപയിൽ നിന്നും 4.25 കോടി രൂപ ഹോണറേറിയം കുടിശ്ശികയുടെ 40% നൽകുന്നതിനായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ട് ഉത്തരവാകുന്നു.

a) 2024 സെപ്റ്റംബർ 23 മുതൽ 2024 മാർച്ച് 31 വരെയുള്ള സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയം കുടിശ്ശികയുടെ 60% വിഹിതം അവർ സേവനമനുഷ്ഠിച്ച് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അതാത് സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

b) സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയം 60% തദ്ദേശ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ നിന്നും അവശേഷിക്കുന്ന 40% സാക്ഷരതാ മിഷന്റെ തനതു വരുമാനത്തിൽ നിന്നും പങ്കുവയ്ക്കുന്ന വ്യവസ്ഥ തുടരാവുന്നതാണെന്ന് പരാമർശം 2 ൽ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഹോണറേറിയത്തിന്റെ 60% പ്രേരക്മാർ സേവനമനുഷ്ഠിച്ച് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയും 40% അനുവദിക്കുന്നതിന് സാക്ഷരതാ മിഷനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

c) പ്രേരക്മാരുടെ ഹോണറേറിയത്തിന്റെ 40% വിഹിതം കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തനത് ഫണ്ട്, മിഷന് അനുവദിച്ചിട്ടുള്ള സർക്കാർ വിഹിതം എന്നിവകളിൽ നിന്ന് നൽകാൻ ഉത്തരവാകുന്നു. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം സാക്ഷരതാ മിഷൻ നൽകേണ്ടുന്ന ഹോണറേറിയത്തിന്റെ 40% വിഹിതം അഡ്വാൻസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സാക്ഷരതാ മിഷൻ പ്രതിപൂരണം ചെയ്ത് നൽകേണ്ടതാണ്.

d) പ്രേരക്മാരുടെ നിലവിലുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര സഹായം, ചികിത്സാ സഹായം എന്നീ ആനുകൂല്യങ്ങൾ പ്രേരക്മാരുടെ സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ സമാഹരിക്കപ്പെടുന്ന മിഷന്റെ തനതു ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

e) ബ്ലോക്ക് പഞ്ചായത്ത് തല പ്രേരക്മാരെ ജില്ല പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിന്യസിച്ച് എല്ലാ പ്രേരക്മാരുടെയും പുനർവിന്യാസം ഒരു മാസത്തിനുള്ളിൽ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ എന്നിവർ സംയുക്തമായി സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, സാക്ഷരതാ മിഷൻ ഡയറക്ടർ എന്നിവർ ഇതിന് മേൽനോട്ടം വഹിക്കേണ്ടതാണ്. ഈ പ്രക്രിയ ജൂലൈ 31 നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

f) നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ വിന്യസിക്കപ്പെട്ടിട്ടുള്ള പ്രേരക്മാരുടെ 60% ഹോണറേറിയം കുടിശ്ശികയും, പുനരിവിന്യസിക്കപെടുന്നത് വരെയുള്ള പൂർണ്ണ ഹോണറേറിയവും സ്ഥാപനത്തിന്റെ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

g) മേൽ വിഷയങ്ങൾ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

h) ഇപ്പോൾ നിലവിലുള്ള നാലു വിഭാഗത്തിലുള്ള പ്രേരക്മാരുടെ ഹോണറേറിയം ചുവടെ പറയുംപ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| വിഭാഗം | പ്രതിമാസ ഹോണറേറിയം (രൂപ) |
|---|---|
| നോഡൽ പ്രേരക് | 15,000 |
| നോഡൽ അസിസ്റ്റന്റ് പ്രേരക്, തുടർ വിദ്യാകേന്ദ്രം പ്രേരക്, തുടർ വിദ്യാകേന്ദ്രം അസിസ്റ്റന്റ് പ്രേരക്, | 12,000 |

i) പ്രേരക്മാരുടെ ഹോണറേറിയത്തിന്റെ 40% സർക്കാർ വിഹിതം നൽകുന്നതിന് ഈ ഇനത്തിലുള്ള തുകയ്ക്കായി മുൻ വർഷങ്ങളിൽ സാക്ഷരതാ മിഷൻ നീക്കി വച്ചിട്ടുള്ള 8 കോടി രൂപയോടൊപ്പം നിലവിലെ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിൽ അധികരിച്ച് അനുവദിച്ചിട്ടുള്ള 2 കോടി രൂപ കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (Web & New Media)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Prasanth C
Date: 25-06-2024 14:30:13